# ക്രിസ്തീയ ജീവിതം

## 1 കൊരിന്ത്യർ 15:57

**"നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം."**

യേശുക്രിസ്തുവിന്റെ രക്ഷാപദ്ധതിയിലായിരിക്കുന്ന ഓരോ വിശ്വാസിയുടെയും ജീവിതം ജയജീവിതമാണ്. എന്നാൽ 'ജയം' എന്നതിനെപ്പറ്റി പറയുമ്പോൾ തന്നെ നാം ഓർക്കണം അത് പ്രാപിക്കാൻ ചില പോരാട്ടങ്ങൾ അഥവാ യുദ്ധങ്ങൾ നാം നേരിടേണ്ടിയിരിക്കുന്നു. പാപത്തിൽ മരിച്ചവനായ ഒരു അവിശ്വാസി ഈ പോരാട്ടത്തെ തിരിച്ചറിയുന്നില്ല. ദൈവീകജീവൻ പ്രാപിച്ച ഒരുവൻ ദൈവീകസ്വഭാവങ്ങളോടുകൂടി ജീവിക്കുമ്പോൾ ഈ പോരാട്ടം ആരംഭിക്കുന്നു. അതുകൊണ്ടുതന്നെയും ക്രിസ്തീയജീവിതം ഒരു പോരാട്ടം കൂടിയാണ്.

ഒരു പക്ഷേ ലോകചരിത്രത്തിൽ നടക്കുന്ന യുദ്ധങ്ങളെക്കാൾ ഗുരുതരമായ യുദ്ധങ്ങൾ മനുഷ്യഹൃദയത്തിൽ നടക്കുന്നു. ഈ യുദ്ധം നടത്തുന്നത് ലോകം, ജഡം, പിശാച് എന്നീ മൂന്ന് ദോഷശക്തികളാണ്. ഈ ശക്തികളെക്കുറിച്ചുള്ള ശരിയായ ജ്ഞാനം ഒരു ദൈവപൈതലിനുണ്ടാകണം.

കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് ലോകത്തെ സ്നേഹിക്കരുത് എന്നാണ്. അതിനാൽ തന്നെ വിശ്വാസിയെ ദൈവത്തിൽനിന്ന് അകറ്റാൻ ശ്രമിക്കുന്നതും ലോകത്തിന്റെ താല്കാലികമായ ഭംഗിയും, പ്രതാപവും മഹത്വവുമാണ്. തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിപ്പാൻ തക്കതുമായ ഫലം ഹവ്വായെ പാപത്തിലകപ്പെടുത്തിയതുപോലെ പലപ്പോഴും ലോകത്തിൽനിന്നുള്ള പല ശക്തികളും ഒരു ദൈവപൈതലിനെ ദൈവത്തിൽ നിന്നകറ്റാൻ ശ്രമിക്കുന്നു. അതിനാൽ ലോകസ്നേഹത്തിൽ നിന്ന് വിജയം ലഭിക്കുന്നതിനായി നമ്മുടെ ആഗ്രഹങ്ങളും, ചിന്തയും ഭൂമിയിലുള്ളതിൽ പതിക്കാതെ ഉന്നതങ്ങളിൽ ഉള്ളതിനെക്കുറിച്ച് ചിന്തിക്കണം. **(Colossians 3:1-2)**

ജഡത്തിന്മേൽ വിജയം പ്രാപിക്കാൻ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിക്കണം. ജഡമോഹങ്ങൾ ഉണർത്താതിരിക്കത്തക്ക രീതിയിൽ നമ്മുടെ അവയവങ്ങൾ മരിച്ചിരിക്കുന്നതായി നാം കരുതണം. പോരാട്ടങ്ങളുടെ വേളയിൽ നാം നമ്മെത്തന്നെ പൂർണ്ണമായി ദൈവാത്മാവിനു കീഴ്പ്പെടുത്തണം. എങ്കിൽ മാത്രമേ നമുക്ക് ജയം പ്രാപിക്കാൻ സാധിക്കുകയുള്ളൂ.

യേശുക്രിസ്തുവിന്റെ സാക്ഷിയാകുവാൻ നാം എത്ര അധികം ശ്രമിക്കുന്നുവോ നമ്മെ അതിൽനിന്ന് പിൻതിരിപ്പിക്കാൻ അത്ര തന്നെ ശക്തിയോടെ പിശാച് ശ്രമിച്ചു കൊണ്ടിരിക്കും. ഭയം, നിരാശ, സംശയം, ഉപദ്രവങ്ങൾ, പ്രലോഭനങ്ങൾ അങ്ങനെ നിരവധി യാണ് അവന്റെ തന്ത്രങ്ങൾ. എന്നാൽ സാത്താൻ തന്ത്രങ്ങൾ മെനയുമ്പോൾ ഒരു വിശ്വാസിക്ക് അതിനോടു പോരാടാനുള്ള ആയുധങ്ങളാണ് കർത്താവ് നൽകിയിരിക്കുന്നത്. അത് ദൈവവചനം തന്നെയായ ആയുധമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം വിജയം നമ്മുടെ അവകാശമാണ്. അതിനാൽ ക്രൂശിൽ നമ്മുടെ അതിക്രമങ്ങൾക്കും പാപങ്ങൾക്കും ഒക്കെ വേണ്ടി യാഗമായി ജയിച്ചവനായ ക്രിസ്തുവിനെ നമുക്ക് സ്തോത്രം ചെയ്യാം. ദൈവവചനത്തിൽ ശക്തിപ്പെട്ട് ദൈവാത്മാവിനാൽ നയിക്കപ്പെട്ടവരായി നമുക്ക് ജയജീവിതം നയിക്കാം.

**പരാമർശം:**

റോമർ 8:37

നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.

1 യോഹന്നാൻ 5:4-5

ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 020**